(ഡി) പി.എസ്.സി. അംഗമായിരുന്ന ഡോ. കെ. രാജഗോപാൽ കമ്മീഷൻ അംഗമായി പ്രവർത്തിക്കുന്നുണ്ട്. അദ്ദേഹം 24-7-2008 മുതൽ 31-1-2011-വരെ ആകെ 1492 കേസ്സുകൾ തീർപ്പാക്കുകയും 1,60,250 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) കമ്മീഷനിൽ 31-12-2010-വരെ 3142 കേസ്സുകൾ നിലവിലുണ്ട്. ഒരുവർഷത്തിലേറെ പഴക്കമുള്ള 873 അപ്പീൽ പെറ്റീഷനുകൾ തീർപ്പാക്കാനുണ്ട്. ഇതിൽ ഏറ്റവും പഴക്കമുള്ള കേസ് അഞ്ചൽ സർവ്വീസ് സഹകരണ ബാങ്കിനെതിരെ ശ്രീ. വി. ഭാസി സമർപ്പിച്ച അപ്പീൽ പെറ്റീഷൻ (നമ്പർ 185/2007/SIC)ആണ്.

പ്രാദേശികചാനലുകളിലെ ജീവനക്കാരുടെ ക്ഷേമത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ

30 (33) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിച്ചുവരുന്ന പ്രാദേശിക ചാനലുകളിലെ ആയിരത്തിലധികം ജീവനക്കാർ അനുഭവിച്ചുവരുന്ന ദുരിതങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് മറ്റ് മാധ്യമപ്രവർത്തകർക്കുള്ള പരിരക്ഷയും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗം ജീവനക്കാർക്കായി ക്ഷേമപെൻഷൻ, ക്ഷേമനിധികൾ എന്നിവ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഭാഗികമായ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രാദേശിക ചാനലുകളിലെ ജീവനക്കാർക്ക് ക്ഷേമ പെൻഷൻ ക്ഷേമനിധി മറ്റ് ആനുകൂല്യങ്ങൾ എന്നിവ നടപ്പിലാക്കുന്ന വിഷയം തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

2011-12 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി അടങ്കൽ

31 (39) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത (2011-12) സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി അടങ്കലായി എത്ര കോടി രൂപയാണ് ആസൂത്രണ ബോർഡ് വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്ര സഹായമായി എന്തുതുക ലഭിക്കുമെന്നാണ് കണക്കാക്കുന്നത് ;

(സി) കേന്ദ്ര സഹായംകൂടി ലഭ്യമാക്കുമ്പോൾ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിനേക്കാൾ എത്ര ശതമാനം അധികമായിരിക്കും അടുത്ത വർഷത്തെ പദ്ധതി വിഹിതമെന്നാണ് കണക്കാക്കുന്നത് ;

(ഡി) ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, കൃഷി തുടങ്ങിയ മേഖലകളുടെ വികസനത്തിനായി എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അടുത്ത (2011-12) സാമ്പത്തിക വർഷത്തക്കുള്ള കരട് പദ്ധതി അടങ്കലായി 11030 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി&സി) 2011-12 വർഷത്തക്കുള്ള സംസ്ഥാന പദ്ധതിയുടെ ധനം നൽകുന്നതിനുള്ള രീതി (Scheme of Financing) അംഗീകരിച്ചുകൊണ്ടുള്ള അറിയിപ്പ് കേന്ദ്ര ആസൂത്രണ കമ്മീഷനിൽനിന്നു ലഭ്യമായാൽ മാത്രമേ ഇതുകണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഡി&ഇ) 2011-12 ബഡ്ജറ്റിന്റെ ഭാഗമായതിനാൽ പ്രസ്തുത വിവരം ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല.

നടപ്പുവർഷത്തെ പദ്ധതിച്ചെലവ്

32 (40) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിനത്തിൽ ആദ്യ അർദ്ധ വാർഷിക പദ്ധതിച്ചെലവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പ് സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിനത്തിൽ നാളിതുവരെയുള്ള ചെലവ് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പ് സാമ്പത്തികവർഷം കേന്ദ്ര പദ്ധതിയിനത്തിൽ ആദ്യ അർദ്ധവാർഷിക പദ്ധതി ചെലവ് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപ്പ് സാമ്പത്തികവർഷം കേന്ദ്ര പദ്ധതിയിനത്തിൽ നാളിതുവരെയുള്ള ചെലവ് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തികവർഷം സംസ്ഥാന പദ്ധതി ചെലവിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന അഞ്ചുവകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly